# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560
ഫോൺ:0481-2733512

## വാർത്താക്കുറിപ്പ്

**2023 ജൂലൈ 24**

---

### ബിരുദ ഏകജാലക പ്രവേശനം; സപ്ലിമെൻററി അലോട്ട്മെൻറ് രജിസ്ട്രേഷൻ ഇന്നു കൂടി

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിൽ ഏകജാലകം വഴിയുള്ള ബിരുദ പ്രവേശനത്തിൻറെ സപ്ലിമെൻററി അലോട്ട്മെൻറിന് ഇന്നു(ജൂലൈ25) വൈകുന്നേരം നാലു വരെ ഓൺലൈനിൽ രജിസ്റ്റർ ചെയ്യാം.

ഇതു വരെ ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യാൻ സാധിക്കാത്തവർക്കും പ്രവേശനം ലഭിക്കാത്തവർക്കും പ്രവേശനം ലഭിച്ചതിനു ശേഷം നിരസിക്കപ്പെട്ടവർക്കും നിശ്ചിത സമയത്ത് പ്രവേശനം നേടാൻ സാധിക്കാത്തവർക്കുമാണ് അവസരം.

ഓൺലൈൻ അപേക്ഷയിൽ വരുത്തിയ പിശകു മൂലം അലോട്ട്മെൻറിന് പരിഗണിക്കപ്പെടാത്തവർക്കും അലോട്ട്മെൻറിൽ ലഭിച്ച പ്രവേശനം റദ്ദാക്കിയവർക്കും പ്രത്യേക ഫീസ് അടയ്ക്കാതെതന്നെ നിലവിലുള്ള ആപ്ലിക്കേഷൻ നമ്പരും പാസ് വേഡും ഉപയോഗിച്ച് ക്യാപ്പ് വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് ഓപ്ഷനുകൾ പുതിയതായി നൽകാം.

സപ്ലിമെൻററി അലോട്ട്മെൻറിൽ പങ്കെടുക്കുന്നവർ നിർബന്ധമായും പുതിയതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യണം. ലോഗിൻ ചെയ്ത ശേഷം മുൻപ് നൽകിയ അപേക്ഷയിലെ പിശകുകൾ തിരുത്തുകയും പുതിയ ഓപ്ഷനുകൾ നൽകുകയും ചെയ്യാം.

സ്ഥിര പ്രവേശം എടുത്തവർ സപ്ലിമെൻററി അലോട്ട്മെൻറിന് അപേക്ഷിക്കുകയും അലോട്ട്മെൻറ് ലഭിക്കുകയും ചെയ്താൽ പുതിയതായി ലഭിക്കുന്ന ലഭിക്കുന്ന അലോട്ട്മെൻറിൽ പ്രവേശനം എടുക്കണം. ഇവരുടെ മുൻ പ്രവേശനം റദ്ദാക്കപ്പെടും. ഒരു തവണ ക്യാപ്പിലൂടെ അപേക്ഷാ ഫീസ് അടച്ചവർക്ക് വീണ്ടും ഫീസ് അടയ്ക്കാതെ സപ്ലിമെൻററി അലോട്ട്മെൻറിൽ പങ്കെടുക്കാം.

(പി.ആർ.ഒ/39/868/2023)

### കമ്യൂണിറ്റി മെരിറ്റ്; രണ്ടാം ഘട്ട അലോട്ട്മെൻറ്

മഹാത്മാ ഗാന്ധി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത കോളജുകളിലെ പി.ജി ഏകജാലക പ്രവേശനത്തിനുള്ള കമ്യൂണിറ്റി മെരിറ്റ് ക്വാട്ടയുടെ രണ്ടാം ഘട്ട അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു.

അലോട്ട്മെൻറ് ലഭിച്ചവർ ജൂലൈ 27ന് മുൻ പ്രവേശനം നേടണം. നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവേശനം നേടാത്തവരുടെ അലോട്ട്മെൻറ് റദ്ദാകും.

(പി.ആർ.ഒ/39/869/2023)

## എം.ജിയിൽ പി.ജി സ്പോട്ട് അഡ്മിഷൻ

സ്കൂൾ ഓഫ് പ്യുവർ ആൻറ് അപ്ലൈഡ് ഫിസിക്സിൽ എം.എസ്.സി ഫിസിക്സ് പ്രോഗ്രാമിന് എസ്.സി, എസ്.ടി വിഭാഗങ്ങളിൽ ഒന്നു വീതം സീറ്റുകൾ ഒഴിവുണ്ട്.

യോഗ്യരായവർ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ജൂലൈ 26ന് രാവിലെ 11ന് നേരിട്ട് വകുപ്പ് ഓഫീസിൽ എത്തണം. ഫോൺ: 8304053954, ഇമെയിൽ: spap@mgu.ac.in

........................

സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ നടത്തുന്ന റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ അംഗീകരിച്ച എം.എ(എസ്.ഡബ്ല്യു.ഡി.എസ് ആൻറ് എ) 2023-24 ബാച്ചിൽ പട്ടിക ജാതി വിഭാഗത്തിൽപെട്ടവർക്ക് സംവരണം ചെയ്യപ്പെട്ടവ ഉൾപ്പെടെ ഏതാനും സീറ്റുകൾ ഒഴിവുണ്ട്.

താത്പര്യമുള്ളവർ അസൽ യോഗ്യതാ സർട്ടിഫിക്കറ്റുകളുമായി ഇന്ന്(ജൂലൈ 25) രാവിലെ 11ന് മുൻപ് വകുപ്പ് ഓഫീസിൽ എത്തണം.

............................

സ്കൂൾ ഓഫ് ജൻഡർ സ്റ്റഡീസിൽ എം.എ ജൻഡർ സ്റ്റഡീസ് പ്രോഗ്രമിന് എസ്.സി, എസ്.ടി, ജനറൽ വിഭാഗങ്ങളിലായി ഒൻപത് സീറ്റുകൾ ഒഴിവുണ്ട്.

ഏതെങ്കിലും വിഷയത്തിൽ 50 ശതമാനം മാർക്കോടെ ബിരുമുള്ളവർക്കാണ് അവസരം. അസ്സൽ സർട്ടിഫിക്കറ്റുകളുമായി ജൂലൈ 27ന് രാവിലെ 10ന് നേരിട്ട് വകുപ്പ് ഓഫീസിൽ എത്തണം.

............................

സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻറ് ഡെവലപ്മെൻറ് സ്റ്റഡിസിൽ എം.എ ഗാന്ധിയൻ സ്റ്റഡീസ്, ഡെവലപ്മെൻറ് സ്റ്റഡീസ് എന്നീ വിഷയങ്ങളിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്.

ഏതെങ്കിലും വിഷയത്തിൽ(പാർട്ട്-3) 45 ശതമാനം(പട്ടികജാതി, പട്ടിക വർഗ വിദ്യാർഥികൾക്ക് മിനിമം പാസ് മാർക്ക് മതിയാകും) മാർക്കോടെ ബിരുദം ഉള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ജൂലൈ 27ന് രാവിലെ 10ന് നേരിട്ട് വകുപ്പ് ഓഫീസിൽ എത്തണം. ഫോൺ: 8075909754.

...........................

സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിൽ മാസ്റ്റർ ഓഫ് ടൂറിസം ആൻറ് ട്രാവൽ

മാനേജ്മെൻറ് (എം.ടി.ടി.എം) പ്രോഗ്രാമിൽ എസ്.ടി വിഭാഗത്തിൽ ഒരു സീറ്റുകൾ ഒഴിവുണ്ട്. ഏതെങ്കിലും വിഷയത്തിൽ ബിരുദമുള്ളവർ അസൽ സർട്ടിഫിക്കറ്റുകളുമായി ജൂലൈ 26ന് രാവിലെ 10ന് വകുപ്പ് ഓഫീസിൽ എത്തണം.

(പി.ആർ.ഒ/39/870/2023)

## പരീക്ഷാ തീയതി

തൃപ്പൂണിത്തുറ, ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക് ആൻറ് ഫൈൻ ആർട്ട്സ് നടത്തുന്ന എം.എഫ്.എ(2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെൻററി) പ്രോഗ്രാമിൻറെ മൂന്നാം സെമസ്റ്റർ പരീക്ഷകൾ ഓഗസ്റ്റ് 10നും നാലാം സംമസ്റ്റർ പരീക്ഷകൾ ഓഗസ്റ്റ് 11 നും തുടങ്ങും. ടൈം ടേബിൾ വെബ്സൈറ്റിൽ.

................................

അഫിലിയേറ്റഡ് കോളജുകളിലെ രണ്ടാം സെമസ്റ്റർ എം.എ, എം.എസ്.സി, എം.കോം - ജൂലൈ 2023(സി.എസ്.എസ് - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019-2021 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷകൾ ഓഗസ്റ്റ് 14ന് തുടങ്ങും. ടൈം ടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/871/2023)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

ഓഗസ്റ്റ് 11ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ ഇൻറഗ്രേറ്റഡ് എം.എസ്.സി, എം.എ(ഇൻറഗ്രേറ്റഡ് എം.എസ്.സി ബേസിക് സയൻസ് - സ്റ്റാറ്റിസ്റ്റിക്സ്, കെമിസ്ട്രി, ഫിസിക്സ്, ഇൻറഗ്രേറ്റഡ് എം.എസ്.സി കമ്പ്യൂട്ടർ സയൻസ് - ആർട്ടിഫിഷ്യൽ ഇൻറലിജൻസ് ആൻറ് മെഷീൻ ലേണിംഗ്, ഡേറ്റാ സയൻസ്, ഇൻറഗ്രേറ്റഡ് എം.എ ലാംഗ്വേജ് - ഇംഗ്ലീഷ്- 2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറും സപ്ലിമെൻററിയും) ജൂലൈ 2023 പരീക്ഷകൾക്ക് ജൂലൈ 31 വരെ പിഴയില്ലാതെ ഫീസ് അടച്ച് അപേക്ഷിക്കാം.

ഓഗസ്റ്റ് ഒന്നിന് പിഴയോടു കൂടിയും ഓഗസ്റ്റ് രണ്ടിന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/872/2023)

## ടൈം ടേബിൾ

ഒന്നാം സെമസ്റ്റർ എം.എ, എം.എസ്.സി, എം.കോം - മെയ് 2023(സി.എസ്.എസ് - 2017,2018 അഡ്മിഷനുകൾ സപ്ലിമെൻററി, 2014,2015,2016 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷയോടൊപ്പം ഹിസ്റ്ററി ഓഫ് ഇന്ത്യൻ മ്യൂസിക് തിയറി 1 എന്ന പേപ്പർ കൂടി ഉൾപ്പെടുത്തി. പരീക്ഷ ഓഗസ്റ്റ് നാലിന് നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/873/2023)

## പ്രാക്ടിക്കൽ

ഏപ്രിൽ മാസം വിജ്ഞാപനം പുറപ്പെടുവിച്ച നാലാം സെമസ്റ്റർ ബി.വോക് അനിമേഷൻ ആൻറ് ഗ്രാഫിക് ഡിസൈൻ(2016 മുതൽ 2018 വരെ അഡ്മിഷനുകൾ സപ്ലിമെൻററി, 2014,2015 അഡ്മിഷനുകൾ മെഴ്സി ചാൻസ് - പഴയ സ്കീം) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ജൂലൈ 27ന് നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ.

..............................

അഞ്ചാം സെമസ്റ്റർ ബി.വോക് സസ്റ്റെയ്നബിൾ അഗ്രികൾച്ചർ-ഏപ്രിൽ 2023(പഴയ സ്കീം - 2016 മുതൽ 2018 വരെ അഡ്മിഷനുകൾ സപ്ലിമെൻററി, 2014,2015 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് നാലിന് പാലാ സെൻറ് തോമസ് കോളജിൽ നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/874/2023)

## പരീക്ഷാ ഫലം

കഴിഞ്ഞ മാർച്ചിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ്.സി ക്ലിനിക്കൽ ന്യൂട്രീഷൻ ആൻഡ് ഡയറ്ററ്റിക്സ്(2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് അഞ്ചു വരെ ഫീസ് അടച്ച് ഓൺലൈനിൽ അപേക്ഷിക്കാം.

(പി.ആർ.ഒ/39/875/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**